"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - പത്തനംതിട്ട ജില്ലയിലെ കോന്നി, തിരുവനന്തപുരം ജില്ലയിലെ പാപ്പനംകോട് എന്നിവിടങ്ങളിലെ ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങളുടെ (കൗശൽ കേന്ദ്ര) നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ തുക കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ PSTSB അക്കൗണ്ടിലേക്ക് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.810/2025/LBR തീയതി,തിരുവനന്തപുരം, 04-07-2025

---

പരാമർശം:-
1) 16.12.2022-ലെ സ.ഉ(സാധാ)നം.1475/2022/LBR
2) 13.04.2023-ലെ സ.ഉ(സാധാ)നം.473/2023/LBR
3) 06.06.2023-ലെ സ.ഉ(സാധാ)നം.687/2023/LBR
4) 12.11.2023-ലെ സ.ഉ(സാധാ)നം.1390/2023/LBR
5) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മാനേജിംഗ് ഡയറക്ടറുടെ 02.05.2025-ലെ KASE/278/2021-Exe8 നമ്പർ കത്ത്.

**ഉത്തരവ്**

കൗശൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിലേക്കായി 2022-23 സാമ്പത്തിക വർഷം 150 ലക്ഷം രൂപയും, 2023-24 സാമ്പത്തിക വർഷം 50 ലക്ഷം രൂപയും 4250-00-190-95(P) എന്ന ശീർഷകത്തിൽ നിന്നും കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ PSTSB അക്കൗണ്ടിലേക്ക് റിലീസ് ചെയ്യുന്നതിന് യഥാക്രമം പരാമർശം (1), (4) സർക്കാർ ഉത്തരവുകൾ പ്രകാരം ട്രെയിനിംഗ് ഡയറക്ടർക്ക് അനുമതി നൽകിയിരുന്നു.

2) പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ കൗശൽ കേന്ദ്രം സ്ഥാപിക്കുന്നതിനായുള്ള പ്രവൃത്തികൾ അക്രെഡിറ്റഡ് ഏജൻസിയായ പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന നോൺ പി.എം.സി ആയി നടപ്പിലാക്കുന്നതിന് 62,71,468/- (അറുപത്തി രണ്ട് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി നാനൂറ്റി അറുപത്തിയെട്ട് രൂപ മാത്രം) രൂപയുടെ ഭരണാനുമതിയും, തിരുവനന്തപുരം ജില്ലയിലെ പാപ്പനംകോട് കൗശൽ കേന്ദ്രം സ്ഥാപിക്കുന്നതിനായുള്ള പ്രവൃത്തികൾ അംഗീകൃത അക്രെഡിറ്റഡ് ഏജൻസിയായ കാഡ്കോ മുഖാന്തിരം നോൺ പി.എം.സി ആയി നടപ്പിലാക്കുന്നതിന് 59,65,900/- രൂപ (അൻപത്തിയൊൻപത് ലക്ഷത്തി അറുപത്തി അയ്യായിരത്തി തൊള്ളായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതിയും അനുവദിച്ച് യഥാക്രമം പരാമർശം (2), (3) പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

3) കൗശൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുകയിൽ നിന്നും നിർമ്മാണ പ്രവർത്തനങ്ങൾക്കായി 66,52,634/- രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും, പത്തനംതിട്ട ജില്ലയിലെ കോന്നി, തിരുവനന്തപുരം ജില്ലയിലെ പാപ്പനംകോട് എന്നിവിടങ്ങളിലെ ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങളുടെ (കൗശൽ കേന്ദ്ര) നിർമ്മാണ പ്രവൃത്തികൾക്ക് തുക നൽകുന്നതിലേക്കായി 56,13,010/- രൂപ 4250-00-190-95(P)-Equity contribution-KASE എന്ന ശീർഷകത്തിൽ നിന്നും കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ PSTSB അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.799012700000003) അനുവദിക്കണമെന്ന് പരാമർശം (5) കത്ത് പ്രകാരം KASE ന്റെ മാനേജിങ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ കോന്നി, തിരുവനന്തപുരം ജില്ലയിലെ പാപ്പനംകോട് എന്നിവിടങ്ങളിലെ ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങളുടെ (കൗശൽ കേന്ദ്ര) നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ 56,13,010/- (അൻപത്തിയാറ് ലക്ഷത്തി പതിമൂന്നായിരത്തി പത്ത് രൂപ മാത്രം) രൂപ, "4250-00-190-95 (P)-Equity Contribution - KASE" ശീർഷകത്തിൽ നിന്നും റിലീസ് ചെയ്ത് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ 799012700000003 നമ്പർ PSTSB അക്കൗണ്ടിലേക്ക് അനുവദിക്കുന്നതിന് ട്രെയിനിംഗ് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1. ട്രെയിനിംഗ് ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം.
2. മാനേജിംഗ് ഡയറക്ടർ, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ് (30.05.2025-ലെ No. 3079819/LBR-2/67/2025-FIN പ്രകാരം)
5. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Usha Rani L
Date: 04-07-2025 11:24:24
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.പൊതുവിദ്യാഭ്യാസവും, തൊഴിലും വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.